മാതൃഭൂമി

04 May 2017

# മീൻപിടിത്തം ഉപജീവനമാക്കിയ ദമ്പതിമാരെ ആദരിക്കുന്നു

**കൊച്ചി:** കടൽ മീൻപിടിത്തം ഉപജീവനമാർഗമാക്കിയ അപൂർവ ദമ്പതിമാരെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ആദരിക്കുന്നു.

വിവാഹം കഴിഞ്ഞതു മുതൽ ഒരുമിച്ച് മത്സ്യബന്ധനത്തിനിറങ്ങുന്ന തൃശ്ശൂർ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയുമാണ് സി.എം.എഫ്.ആർ.ഐ. ആദരിക്കുന്നത്.

വെള്ളിയാഴ്ച സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് രാവിലെ 10.30ന് ഇരുവരെയും ആദരിക്കും. സി.എം.എഫ്.ആർ.ഐയുടെ ഒരു വർഷം നീളുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി.

കടലിൽ ബോട്ട് ഉപയോഗിച്ച് മീൻപിടിത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. ദമ്പതിമാർ ഒരുമിച്ച് മത്സ്യബന്ധനിറങ്ങുന്നത് ലോകത്തിൽ തന്നെ അപൂർവം.മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഈ ദമ്പതിമാർ കുട്ടികളുടെ പഠനം നടത്തുന്നതും മറ്റ് ചെലവുകൾ വഹിക്കുന്നതും.

വെള്ളിയാഴ്ച കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് ഈ മേഖലയിൽ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി മത്സ്യത്തൊഴിലാളി - കർഷക പ്രതിനിധികളുമായി ചർച്ച നടത്തും. തുടർന്ന് സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞരുമായും മന്ത്രി പ്രത്യേക ചർച്ച നടത്തും.

രാവിലെ 9.30ന് മന്ത്രി സി.എം.എഫ്.ആർ.ഐയിലെ മ്യൂസിയം സന്ദർശിക്കും. ഉപരിതല മത്സ്യ ഗവേഷണ വിഭാഗം പുറത്തിറക്കിയ കൈപ്പുസ്തകം കേന്ദ്ര മന്ത്രി പ്രകാശനം ചെയ്യും.



തൃശ്ശൂർ ജില്ലയിലെ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയനും ഭാര്യ കെ.സി. രേഖയും മീൻപിടിത്തത്തിനുള്ള വല പരിശോധിക്കുന്നു